(ഡി) കേന്ദ്ര സർക്കാരാണ് നടപടി സ്വീകരിക്കേണ്ടത്.

63 (351) ബസ് ചാർജ് വർദ്ധനവ്

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എപ്പോഴെല്ലാം ബസ്സ് ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ച ബസ് ചാർജ് വർദ്ധനവിന്റെ വിശദവിവരം നൽകുമോ;

(സി) ഈ ബസ് ചാർജ് വർദ്ധനവിന് സ്വീകരിച്ച അടിസ്ഥാന തത്വങ്ങൾ വിശദികരിക്കുമോ?

ഉത്തരം

(എ) 19-8-96-ലും 21-10-99-ലും

(ബി) 1. സിറ്റി ഓർഡിനറി സർവ്വീസുകൾക്ക് കിലോമീറ്ററിന് 25 പൈസ.

2.ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾക്ക്. കിലോമീറ്ററിന് 34.50 പൈസ.

3.സൂപ്പർഫാസ്റ്റ് സർവ്വീസുകൾക്ക് കിലോമീറ്ററിന് 37.00 പൈസ.

4.സൂപ്പർ എക്സ്പ്രസ് സർവ്വീസുകൾക്ക് കിലോമീറ്ററിന് 43.50 പൈസ

5.സൂപ്പർ ഡീലക്സ് സർവ്വീസുകൾക്ക് കിലോമീറ്ററിന് 50 പൈസ.

സിറ്റി ഓർഡിനറിയിലെ സർവ്വീസുകൾക്ക് മിനിമം ചാർജ് 1.75 പൈസയും ഫാസ്റ്റിനു 2 രൂപ 50 പൈസയും സൂപ്പർ ഫാസ്റ്റിന് 4 രൂപയും സൂപ്പർ എക്സ് പ്രെസ്സിന് 7 രൂപയും സൂപ്പർ ഡീലക്സിനു 13 രൂപയും മിനിമം ചാർജ് നിശ്ചയിച്ചിരിക്കുന്നു.

(സി) ഡീസലിന്റെയും സ്പെയർപാർട്ടുകളുടെയും വില വർദ്ധനവ് കണക്കിലെടുത്താണ് ചാർജ് വർദ്ധിപ്പിച്ചിട്ടുള്ളത്.

64 (352) ഫെയർസ്റ്റേജ് പുനർനിർണ്ണയം

ശ്രീ. പി.ജെ. ഫ്രാൻസീസ് :

ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫെയർസ്റ്റേജ് പുനർനിർണ്ണയം ചെയ്തതിനു ശേഷമേ ബസ് ചാർജ് വർദ്ധിപ്പിക്കാവൂ എന്ന് കേരള ഹൈക്കോടതി ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എപ്പോഴെങ്കിലും ഉത്തരവിട്ടതായി അറിയുമോ;

(ബി) എങ്കിൽ ഉത്തരവിനെതിരെ കോടതിയെ സമീപിച്ചതാരാണെന്ന് അറിവുണ്ടോ;

(സി) ഇതു സംബന്ധിച്ച കേസിൽ സംസ്ഥാന ഗവൺമെന്റിന് എന്തെങ്കിലും പങ്കുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അറിയാം.

(ബി) മലപ്പുറം ജില്ലാ പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷനെ പ്രതിനിധീകരിച്ച് അതിന്റെ സെക്രട്ടറി ശ്രീ. പി. മുഹമ്മദ് ഹാജി, ശ്രീ. കെ. കോമുക്കുട്ടി ഹാജി, കൊട്ടേക്കോടൻ ഹൗസ്, മഞ്ചേരി, മലപ്പുറം തൃശ്ശൂർ ജില്ലാ പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷനെ പ്രതിനിധീകരിച്ച് അതിന്റെ ജനറൽ സെക്രട്ടറി, കേരള സ്റ്റേറ്റ് പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷനെ പ്രതിനിധീകരിച്ച് അതിന്റെ ജനറൽ സെക്രട്ടറി, ശ്രീ. എ.കെ. അബ്ദുള്ള എന്നിവർ കേരള ഹൈക്കോടതിയിൽ റിട്ട് അപ്പീലുകൾ ഫയൽ ചെയ്യുകയുണ്ടായിട്ടുണ്ട്.

(സി) ഈ കേസിൽ സംസ്ഥാന ഗവൺമെന്റും കക്ഷിയാണ്.

65 (353) ബസ് ചാർജ്ജ് വർദ്ധനയ്ക്ക് എതിരെ വിദ്യാർത്ഥി സമരം

ശ്രീ. പി.ജെ. ജോയി :

ശ്രീ. പി.ജെ. ഫ്രാൻസീസ് :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് ചാർജ് വർദ്ധനയെത്തുടർന്നുണ്ടായ വിദ്യാർത്ഥിസമരം അവസാനിപ്പിച്ചത് എന്തടിസ്ഥാനത്തിലായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത സമരം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് എഗ്രിമെന്റിലെ വ്യവസ്ഥകൾ പരിപാലിക്കപ്പെടുന്നുയെന്ന് പരിശോധിക്കുമോ;

ഉത്തരം

(എ) താഴെപ്പറയുന്ന ഒത്തുതീർപ്പു വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ബസ് ചാർജ് വർദ്ധനയെത്തുടർന്നുണ്ടായ വിദ്യാർത്ഥി സമരം അവസാനിപ്പിച്ചത്.

1. ബസ് ചാർജ് വർദ്ധന സംബന്ധിച്ച് ഗവൺമെന്റ് എടുത്തിട്ടുള്ള നിലപാടിൽ മാറ്റമില്ല. എന്നാൽ വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള കൺസഷൻ റഗുലർ, പാരലൽ, വ്യത്യാസമില്ലാതെ 25% മാത്രമായി തുടരുന്നതാണ്. ചാർജ് കണക്കാക്കുമ്പോൾ 25%-ൽ ഒട്ടുംതന്നെ കൂടുതൽ നൽകാൻ ഇടയാകുകയില്ല.

2. മാസംതോറും കണ്സഷൻ ടിക്കറ്റ് അനുവദിക്കണമെന്നുണ്ടെങ്കിൽ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതും അപ്രകാരം നൽകാനായി കെ.എസ്.ആർ.ടി.സി.ക്ക് നിർദ്ദേശം നൽകുന്നതുമാണ്.

3. കൂടുതൽ ബസ്സുകൾ അനുവദിക്കണമെന്ന ആവശ്യം കെ.എസ്. ആർ.ടി.സി. പരിശോധിക്കുന്നതാണ്.

4. ഫെയർ സ്റ്റേജ് നിർണ്ണയിക്കുന്നതിനുള്ള ജോലി ത്വരിതപ്പെടുത്തുന്നതിന് ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നതാണ്.

5. ജില്ലയിലെ സ്റ്റുഡന്റ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി ട്രാൻസ്പോർട്ട് കമ്മീഷണർ മോണിറ്റർ ചെയ്യുന്നതിന് നിർദ്ദേശം കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly